**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2244** **06-07-2022 - ൽ മറുപടിയ്ക്ക്**

**അതിദരിദ്ര കുടുംബങ്ങളുടെ ഉന്നമനത്തിനായുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ വകുപ്പ് നടത്തിയ സർവ്വേ പ്രകാരം കണ്ടെത്തിയ കുടുംബങ്ങളെ ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തിക്കുവാൻ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് അറിയിക്കാമോ? | (എ) | അതിദരിദ്രരെ കണ്ടെത്തുന്നതിനായി നടത്തിയ പ്രക്രിയ പ്രകാരം കണ്ടെത്തിയ കുടുംബങ്ങളുടെ ഭക്ഷണം, ആരോഗ്യം, പാർപ്പിടം, ജീവനോപാധി ആവശ്യങ്ങൾ എന്നിവ നേടുന്നതിനായി തദ്ദേശ സ്ഥാപനതലത്തിൽ മൈക്രോ പ്ലാനുകൾ തയ്യാറാക്കി നിർവ്വഹണം നടത്തുന്നതിന് 14 -ാം പഞ്ചവത്സര പദ്ധതി - വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള 19/04/2022 തീയതിയിലെ സർക്കാർ ഉത്തരവിലെ മാർഗ്ഗരേഖയിൽ ഖണ്ഡിക 6.6 -ൽ പരാമർശിക്കുന്നുണ്ട്. കുടുംബാധിഷ്ഠിത മൈക്രോപ്ലാനുകൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രത്യേകമായി തയ്യാറാക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ